25 (*201) **ലേബർ ആക്ടിന്റെ രൂപീകരണം**

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട 'ലേബർ ആക്ടിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ബി) 'ലേബർ ആക്ടി'ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ 'ലേബർ ആക്ടി'ന്റെ പ്രവർത്തനത്തിനാവശ്യമായ നിക്ഷേപം എപ്രകാരം സ്വരൂപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ തൊഴിലാളികൾക്ക് 'ലേബർ ആക്ട്' മുഖേന സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ എന്തൊക്കെ സഹായങ്ങൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണപിള്ള) :

(എ) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കയാണ്.

(ബി) കടക്കെണിയിൽ നിന്നും തൊഴിലാളികളെ മോചിപ്പിക്കുവാൻ വേണ്ടി ചെറിയ ചെറിയ തരത്തിലുള്ള വായ്പാ പദ്ധതികൾ കുറഞ്ഞ പലിശയ്ക്ക് നൽകുവാനും ഇത്തരം തുകകൾ മാസഗഡുക്കളായി തൊഴിൽദായകരിൽ കൂടി തിരിച്ചുപിടിക്കുവാനും ആണ് ഉദ്ദേശിക്കുന്നത്. ഇത്തരം തുക നൽകുന്നത് തൊഴിലാളി കുടുംബങ്ങൾക്ക് വീട് പണിയുവാനും പെൺകുട്ടികളുടെ വിവാഹം, കുടുംബാംഗങ്ങളുടെ ചികിൽസാസൗകര്യം തുടങ്ങിയവയ്ക്കും വിദ്യാഭ്യാസത്തിനും തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആയിരിക്കും.

(സി) ഇന്ന് നിലവിലുള്ള ലേബർ വെൽഫയർ ഫണ്ടുകളുടെ നിക്ഷേപം സ്വരൂപിച്ചും തൊഴിലാളികളുടേയും തൊഴിൽദായകരുടെയും നിക്ഷേപം സ്വരൂപിച്ചും ആണ് ഇത്തരം ഫണ്ട് ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഉണ്ട്. കൂടുതൽ വിശദാംശങ്ങൾ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ പറയുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly